കേരളസർക്കാർ

'ഭരണഭാഷ-മാതൃഭാഷ'

നം.എ.ആർ.11(2)/18/2019/ഉ.ഭ.പ.വ.

ഉദ്യോഗസ്ഥ ഭരണപരിഷ്കാര
(എ.ആർ. 11) വകുപ്പ്
ഫോൺ: 0471-2518856, 2518628
തിരുവനന്തപുരം, തീയതി: 11/01/2022

**ലേല പരസ്യം**

ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ 1995 മോഡൽ അംബാസഡർ കാർ (നം.KL-01-G 2299) 24/01/2022 തീയതി തിങ്കളാഴ്ച പകൽ 11 മണിയ്ക്ക് സെക്രട്ടേറിയറ്റ് അനക്സ് - 1 പരിസരത്തുവച്ച് പരസ്യമായി ലേലം ചെയ്ത് നീക്കം ചെയ്യുവാൻ തീരുമാനിച്ചിരിക്കുന്നു.

ലേലത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർക്ക് ഓഫീസ് പ്രവർത്തിദിനങ്ങളിൽ വൈകുന്നേരം 3 മണിമുതൽ 4:30 വരെ ഓഫീസ് അധികാരിയുടെ അനുമതിയോടുകൂടി വാഹനം പരിശോധിക്കുവാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ ഐഡന്റിറ്റി വെളിപ്പെടുത്താനുതകുന്ന രേഖ (ആധാർ കാർഡ് / വോട്ടേഴ്സ് ഐഡന്റിറ്റി കാർഡ് / ഡ്രൈവിംഗ് ലൈസൻസിന്റെ കോപ്പി) നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

ഏറ്റവും കൂടുതൽ തുകയ്ക്ക് വിളിക്കുന്ന ആളിന് ലേലം ഉറപ്പിച്ചു കൊടുക്കുന്നതും, അന്നേദിവസം ലേലതുകയും 12% ചരക്കുസേവന നികുതിയും അടച്ച് വാഹനം ഓഫീസ് പരിസരത്തുനിന്നും നീക്കം ചെയ്യേണ്ടതുമാകുന്നു. ലേല ദിവസം പൊതു അവധിയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തിദിവസം 11 മണിയ്ക്കു തന്നെ ലേല നടപടികൾ കൈക്കൊള്ളുന്നതായിരിക്കും. യാതൊരു കാരണവും കാണിക്കാതെ ലേലനടപടി റദ്ദു ചെയ്യുന്നതിനും അസ്ഥിരപ്പെടുത്തുന്നതിനും താഴെ ഒപ്പു വച്ചിരിക്കുന്ന ഉദ്യോഗസ്ഥന് പൂർണ്ണ അധികാരം ഉണ്ടായിരിക്കും.

B Umesh
അണ്ടർ സെക്രട്ടറി

ഗവ. സെക്രട്ടേറിയറ്റിലെ എല്ലാ നോട്ടീസ് ബോർഡിലേയ്ക്കും
ചീഫ് സെക്യൂരിറ്റി ഓഫീസർ, ഗവ. സെക്രട്ടേറിയറ്റ്.
വിവര - പൊതുജന സമ്പർക്ക വകുപ്പ് ( സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ശ്രീ. സുനിൽ കുമാർ , ഡ്രൈവർ , ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് **(ലേലത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർക്കു വാഹനം കണ്ടു പരിശോധിക്കുന്നതിനു വേണ്ട സഹായം ചെയ്യേണ്ടതാണ്)**
ഇ-ഓഫീസ് നോട്ടീസ് ബോർഡ്
കരുതൽ ശേഖരം.